ഹദീസ്

സുബൈർ കുന്ദമംഗലം

# ഹജ്ജ് വിശ്വാസിയുടെ ബാധ്യത

عَنْ أَبِي هُرَيْرَةَ قَالَ: خَطَبَنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ: يَا أَيُّهَا النَّاسُ، إن الله قد فَرَضَ عَلَيْكُمُ الْحَجَّ، فَحُجُّوا، فَقَالَ رَجُلٌ: أَكُلَّ عَامٍ يَا رَسُولَ اللَّهِ ؟ فَسَكَتَ حَتَّى قَالَهَا ثَلَاثًا. فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: لَوْ قُلْتُ نَعَمْ لَوَجَبَتْ وَلَمَا اسْتَطَعْتُمْ. ثُمَّ قَالَ: ذَرُونِي مَا تَرَكْتُكُمْ فَإِنَّمَا هَلَكَ مَنْ كَانَ قَبْلَكُمْ بِكَثْرَةِ سُؤَالِهِمْ وَاخْتِلَافِهِمْ عَلَى أَنْبِيَائِهِمْ فَإِذَا أَمَرْتُكُمْ بِشَيْءٍ فَأْتُوا مِنْهُ مَا اسْتَطَعْتُمْ وَإِذَا نَهَيْتُكُمْ عَنْ شَيْءٍ فدَعُوه (رَوَاهُ مُسلم)

**അബൂഹുറയ്റ(റ)യിൽനിന്ന്: നബി (സ) ജനങ്ങളോട് പ്രസംഗിക്കവെ ഇപ്രകാരം പറഞ്ഞു: ''ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ, നിങ്ങൾ ഹജ്ജ് ചെയ്യുക.'' അപ്പോൾ ഒരാൾ ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ, എല്ലാ വർഷവും നിർവഹിക്കേണ്ടതുണ്ടോ?'' അവിടുന്ന് മൗനം പാലിച്ചു. അയാൾ മൂന്ന് തവണ ചോദ്യം ആവർത്തിച്ചു. റസൂൽ പ്രതിവചിച്ചു: ''അതെയെന്ന് പറഞ്ഞാൽ അത് നിർബന്ധമായിത്തീരുകയും നിങ്ങൾക്കത് നിർവഹിക്കാൻ പ്രയാസമായിത്തീരുകയും ചെയ്യും.'' പ്രവാചകൻ തുടർന്നു: ''ഞാൻ നിങ്ങൾക്ക് ഒഴിവാക്കിത്തന്നതിനെക്കുറിച്ച് ചോദിക്കരുത്. അത് വിട്ടേക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് അവർ ചോദ്യം അധികരിപ്പിച്ചതിനാലും നബിമാരെ പ്രതി ഭിന്നിച്ചതിനാലുമായിരുന്നു. ഞാൻ കൽപിക്കുന്നത് സാധ്യമാകുന്ന വിധം നിങ്ങൾ ചെയ്യുക. നിരോധിക്കുന്നത് ഉപേക്ഷിക്കുകയും ചെയ്യുക'' (മുസ്‌ലിം).**

പഞ്ചസ്തംഭങ്ങൾ കൊണ്ട് പടുത്തുയർത്തപ്പെട്ട ഇസ്‌ലാമിന്റെ അഞ്ചാമത്തെ തൂണാണ് ഹജ്ജ് കർമം. ആരോഗ്യം, സമ്പത്ത്, യാത്രാ സൗകര്യം, പാഥേയം പോലുള്ള ഭൗതിക സാഹചര്യങ്ങൾ ഒത്തുവന്നാൽ സത്യവിശ്വാസിക്ക് ജീവിതത്തിലൊരിക്കൽ ഹജ്ജ് നിർബന്ധമായിത്തീരുന്നു. ഖുർആൻ പ്രഖ്യാപിച്ചു: ''സാധ്യമാകുന്നവർ കഅ്ബാലയം സന്ദർശിക്കുകയെന്നത് ജനങ്ങൾക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. ഇനി, ആരെങ്കിലും നിഷേധിയാവുകയാണെങ്കിൽ നിശ്ചയം, അല്ലാഹു സർവ ജനങ്ങളിൽനിന്നും അനാശ്രയനാകുന്നു'' (*ആലുഇംറാൻ* 97). അതായത്, സാഹചര്യങ്ങൾ ഒത്തുവന്നിട്ടും ഹജ്ജ് നിർവഹിക്കാത്തവനെ കാഫിർ എന്നാണ് ഖുർആൻ അഭിസംബോധന ചെയ്തിട്ടുള്ളത്.

ഇതര ഇബാദത്തുകളിൽനിന്ന് വ്യത്യസ്തമായി, മനസ്സും ശരീരവും സമ്പത്തും അല്ലാഹുവിന് സമർപ്പിക്കേണ്ട അത്യുൽകൃഷ്ടവും പവിത്രവുമായ കർമമാണ് ഹജ്ജ്. അതുകൊണ്ടുതന്നെ ഹജ്ജിന്റെ പ്രതിഫലം സീമാതീതമാണ്. അബൂഹുറയ്റ(റ)യിൽനിന്ന്: അല്ലാഹുവിന്റെ ദൂതൻ അരുളി: ''ഒരു ഉംറ മറ്റൊരു ഉംറ വരെയുള്ള പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്. പുണ്യകരമായ ഹജ്ജിന് പ്രതിഫലം സ്വർഗമല്ലാതെയൊന്നുമല്ല.'' ജീവിത യാത്രക്കിടയിൽ സംഭവിച്ചുപോകുന്ന സകല തെറ്റു കുറ്റങ്ങളും തേച്ചുമാച്ചു കളഞ്ഞ് പരിശുദ്ധനായിത്തീരുന്ന പ്രക്രിയയുടെ പേരാണ് ഹജ്ജ്. അതൊരു പുനർജന്മത്തിന്റെ തുടക്കമാണെന്ന് പറയാം. അബൂഹുറയ്റ(റ)യിൽനിന്ന്: ''ഏതൊരുവൻ ഈ ഭവനം സന്ദർശിക്കുകയും ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോ (അശ്ലീലം പറയുകയോ) അധർമം പ്രവർത്തിക്കുകയോ ചെയ്യാതെയുമിരുന്നാൽ, തന്റെ മാതാവ് തന്നെ പ്രസവിച്ച ദിനത്തിലെന്ന പോലെ പാപരഹിതനായി മടങ്ങുന്നതാണ്.''

ഹജ്ജിന്റെ ശ്രേഷ്ഠതയെക്കുറിച്ച് പ്രതിപാദിക്കുന്ന ധാരാളം നബിവചനങ്ങളുണ്ട്. അബൂഹുറയ്റ(റ)യിൽനിന്ന്: ഏറ്റവും ശ്രേഷ്ഠമായ കർമമേതെന്ന് ഒരാൾ നബിയോട് ചോദിച്ചു. അവിടുന്ന് പറഞ്ഞു: ''അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസം. പിന്നെയെന്താണെന്ന് അയാൾ തിരക്കി. പുണ്യകരമായ ഹജ്ജ്. പ്രവാചകൻ പ്രതിവചിച്ചു. അല്ലാഹുവിന്റെ സ്വീകാര്യത നേടുന്ന ഹജ്ജാണ് പുണ്യകരമായ ഹജ്ജ് കൊണ്ടുദ്ദേശ്യം. വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ സഫലമായിത്തീരുന്ന ഹജ്ജ്കർമം സ്വീകരിക്കപ്പെടാതെ പോകുന്നത് എത്ര വലിയ ദുരന്തമാണ്! അതിനാൽ, കരുതലോടെ നിർവഹിക്കപ്പെടേണ്ട കർമമാണ് ഹജ്ജ്. കാരണം, ഗതകാല ജീവിതം സൂക്ഷ്മതയോടെയും ഗൗരവത്തോടെയും പരിശോധിച്ചും വിലയിരുത്തിയും പുനഃക്രമീകരിക്കുന്നതിന്റെ പേരാണ് ഹജ്ജ്. വന്നുപോയ തെറ്റുകൾ തിരിച്ചറിഞ്ഞ് ജീവിതം മാറ്റിയെഴുതാനുള്ള അപൂർവ സന്ദർഭം.

നേർവഴിയിലൂടെ നേടിയെടുത്ത സമ്പാദ്യവും കളങ്കമില്ലാത്ത മനസ്സുമായാണ് ഹജ്ജിന് പുറപ്പെടേണ്ടത്. അവിഹിതവും അന്യായവുമായി സമ്പാദിച്ച പണം മുടക്കി ഹജ്ജ് ചെയ്യുന്നത് അസ്വീകാര്യമാണെന്ന് മാത്രമല്ല, കുറ്റകരവുമാണ്. അത്തരക്കാരുടെ ഹജ്ജ് യാതൊരു പ്രതിഫലവും നേടിക്കൊടുക്കുകയില്ലെന്ന് ഇമാം അഹ്മദ് പറയുന്നു. കാരണം, അല്ലാഹു നല്ലതേ സ്വീകരിക്കുകയുള്ളൂ.

നാടും വീടും വിട്ടവർ അല്ലാഹുവിന്റെ യാത്രാ സംഘമാണെന്നും അവരുടെ തൗബ (പശ്ചാത്താപം) അല്ലാഹു സ്വീകരിക്കുമെന്നും തിരുനബി (സ) അറിയിച്ചിട്ടുണ്ട്. ''ഹജ്ജും ഉംറയും ചെയ്യുന്നവർ അല്ലാഹുവിന്റെ യാത്രാ സംഘമാണ്. അവർ അവനോട് പ്രാർഥിച്ചാൽ അവർക്ക് ഉത്തരം നൽകും. പാപമോചനത്തിനർഥിച്ചാൽ പാപ വിമുക്തി നൽകും'' (നസാഈ, ഇബ്നു മാജ).

ഹജ്ജ്കർമം ആവർത്തിക്കേണ്ടതുണ്ടോയെന്ന അനുചരന്റെ ചോദ്യത്തിന് പ്രോത്സാഹജനകമായ മറുപടിയല്ല നബി (സ) നൽകിയിട്ടുള്ളതെന്ന് ഹദീസിന്റെ വരികൾക്കിടയിലൂടെ വായിച്ചെടുക്കാം. ഹജ്ജ് കാലത്ത് ഹറമിലും പരിസരത്തും ഉണ്ടായേക്കാവുന്ന ജനത്തിരക്കും സാമ്പത്തിക ബാധ്യതയും പരിഗണിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകും. ●